**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **14-01-2021 - ൽ മറുപടിയ്ക്ക്**

**മരട് നഗരസഭയിലെ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം (ഭരണാനുമതി ലഭിച്ച തീയതി ഉൾപ്പെടെ) അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2316 ലക്ഷം രൂപയുടെ ഭരണാനുമതി G.O(Rt.)No.934/2017/WRD തീയതി 17.11.2017 പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (ബി) | മേൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 6 പാക്കേജുകളായി പ്രവൃത്തി ക്രമീകരിക്കുകയും 1, 2, 4 പാക്കേജുകൾ മുഴുവനായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പാക്കേജ് 3, 95% പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (സി) | എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | NHAI (National Highways Authority of India) യുടെ റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ